സ്വജൽധാരാ പദ്ധതിയും ഗുണഭോക്തൃ വിഹിതവും

52 (4660) ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വജൽധാരാ പദ്ധതിയ്ക്ക് ഗുണഭോക്തൃ വിഹിതം പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അടയ്ക്കാൻ ഇപ്പോൾ തടസ്സം ഉണ്ടോ ;

(ബി) എങ്കിൽ ഈ തടസ്സങ്ങൾ നീക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാർ പുതുതായി പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശ പ്രകാരം സ്വജൽധാരാ പദ്ധതി ഗുണഭോക്താക്കളുടെ ആവശ്യാധിഷ്ഠിതമായ പദ്ധതിയായി ജനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടുകൂടി അവരിൽ നിന്നുതന്നെ രൂപം കൊള്ളേണ്ടതാണ്. അതിനാൽ ഓരോ സ്വജൽധാരാ പ്രോജക്ടിന്റെയും എസ്റ്റിമേറ്റ് തുകയുടെ 10% ഗുണഭോക്തൃ വിഹിതമായി ഗുണഭോക്താക്കളിൽ നിന്ന് സ്വരൂപിക്കേണ്ടതുണ്ട്. ഇതിൽ 5% തുക നിർബന്ധമായും പണമായിതന്നെ പിരിച്ചെടുക്കേണ്ടതാണ്. ബാക്കി 5% സന്നദ്ധസേവനമായോ പദ്ധതിക്കാവശ്യമായ ഭൂമിയായോ സംഭാവന ചെയ്യാവുന്നതാണ്. ഈ മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യത്യാസം വരുത്താൻ സംസ്ഥാന സർക്കാരിന് സാധിക്കാത്തതിനാൽ തനത് ഫണ്ടിൽ നിന്നും മേൽപ്പറഞ്ഞ 10% ഗുണഭോക്തൃ വിഹിതമായി അടയ്ക്കാൻ ഗ്രാമപഞ്ചായത്തിന് നിർദ്ദേശം കൊടുക്കാൻ കഴിയുകയില്ല.

കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി നടത്തുന്ന പ്രവർത്തനം

53 (4661) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി സംസ്ഥാന ജില്ലകളിൽ നടത്തുന്ന പ്രവർത്തനം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഏജൻസിയിൽ എത്ര ജീവനക്കാരുണ്ട് ; അവരുടെ ശമ്പള വിവരം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുടിവെള്ള-ശുചിത്വ പ്രവർത്തനങ്ങൾക്ക് സ്ഥായിയായ പരിഹാരം ലക്ഷ്യമിട്ടുകൊണ്ട്, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി നടപ്പാക്കുന്ന 'ജലനിധി' പദ്ധതി തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ താൽപ്പര്യമുള്ള എല്ലാ പേർക്കും കുടിവെള്ളം സ്ഥിരമായി ലഭ്യമാക്കാൻ കഴിയുന്ന വിധം ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നു. കൂടാതെ ആരോഗ്യ-ശുചിത്വ ബോധവൽക്കരണം, സ്ത്രീശാക്തീകരണം, ഭൂഗർഭ ജലപോഷണം എന്നിവയും നടപ്പാക്കി വരുന്നു.

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും തുകയൊന്നും അനുവദിച്ചിട്ടില്ല.

(സി) ഈ ഏജൻസിയിൽ ഡെപ്യൂട്ടേഷനിലും കോൺട്രാക്ട് അടിസ്ഥാനത്തിലും ദിവസവേതനത്തിലുമായി 92 ജീവനക്കാർ ജോലി ചെയ്യുന്നു. ശമ്പളമിനത്തിൽ 8,39,640 രൂപ പ്രതിമാസം ചെലവിടുന്നു.

ഡച്ച് സഹായത്തോടെ നടപ്പാക്കുന്ന ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

54 (4662) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡച്ച് ഗവൺമെന്റിന്റെ ധനസഹായത്തോടെ ഗ്രാമീണ ശുദ്ധജല വിതരണത്തിനും സാനിട്ടേഷൻ സൗകര്യങ്ങളുടെ വികസനത്തിനുമായി എത്രകോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഏതെല്ലാം ജില്ലകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(സി) പ്രസ്തുത ജില്ലകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയത് എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) മറ്റേതെങ്കിലും ജില്ലകളെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ കണ്ണൂർ ജില്ലയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 229 കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) ആലപ്പുഴ, ഇടുക്കി.

(സി) കുടിവെള്ള-ശുചിത്വമേഖലകളിൽ പ്രസ്തുത ജില്ലകളിലെ പിന്നോക്കാവസ്ഥ പരിഗണിച്ചാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയത്.

(ഡി&ഇ) വികസന പ്രവർത്തനങ്ങളിൽ ഇന്ത്യയെ സഹായിക്കുന്ന ദ്വിപക്ഷീയ ഏജൻസികളുടെ എണ്ണം കുറയ്ക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനപ്രകാരം ഡച്ച് ഗവൺമെന്റ് പ്രസ്തുത മേഖലകളിൽ നിന്ന് പിൻവാങ്ങാൻ തീരുമാനിച്ചതായി അറിയുന്നു. ആയതിനാൽ മറ്റു ജില്ലകളെകൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കഴിയുമെന്ന് തോന്നുന്നില്ല.